മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ
സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ
ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 174/2026

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളി വികാരിമാരും സഹവികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും സഭാ മാനേജിങ്ങ് കമ്മിറ്റി അംഗങ്ങളും ഭദ്രാസന കൗൺസിൽ അംഗങ്ങളും ആത്മീക സംഘടനാ പ്രവർത്തകരും ശേഷം വിശ്വാസികളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിലെ ഇടവകകളിൽ നിന്നുമുള്ള 2026-ലെ കാതോലിക്കാദിന കവർ പിരിവ് ശേഖരണത്തിനായി സെപ്റ്റംബർ മാസം 17-ന് വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് നിർമ്മലഗിരി അരമനയിൽ പരിശുദ്ധ ബാവാ തിരുമേനി, സഭയുടെ ഫിനാൻസ് കമ്മിറ്റി പ്രസിഡണ്ട് അഭിവന്ദ്യ യൂഹാനോൻ മാർ പോളികാർപ്പോസ് തിരുമേനി, വൈദിക ട്രസ്റ്റി, അല്മായ ട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി എന്നിവർ പങ്കെടുക്കുന്ന യോഗത്തെ കുറിച്ചുള്ള വിവരങ്ങൾ പരി. കാതോലിക്കാ ബാവാ തിരുമനസ്സിലെ കൽപ്പനയിലൂടെ (No. MOSC/CMM/293/2026) നിങ്ങൾ ഏവരും അറിഞ്ഞിരിക്കുമല്ലോ. കാതോലിക്കാദിന പിരിവിൽ നിന്നുള്ള തുകയാണ് പരി. സഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വിവിധങ്ങളായ ക്ഷേമ പദ്ധതികൾക്കുമായി ഉപയോഗിച്ചു പോരുന്നത്. കഴിഞ്ഞവർഷം സഭാകേന്ദ്രത്തിൽനിന്നും നമ്മുടെ ഭദ്രാസനത്തിലെ വിവിധ ആവശ്യങ്ങൾക്കായി 35,92,096.00 രൂപ ധനസഹായം ലഭിച്ചിട്ടുള്ളത് നന്ദിയോടെ ഓർക്കുന്നു (2025-26 ഭദ്രാസന വാർഷീക റിപ്പോർട്ട് പേജ് 21). കൂടാതെ നമ്മുടെ ഭദ്രാസനത്തിന്റെ സ്വപ്നപദ്ധതിയും വികസനപാതയിൽ ഒരു നാഴികക്കല്ലുമായ "വൈത്തിരി ഓർത്തഡോക്സ് റിട്രീറ്റ് സെന്ററി"ന് സഭയുടെ 2026-27 വർഷത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന് പരിശുദ്ധ ബാവാ തിരുമനസ്സിനോടുള്ള ഭദ്രാസനത്തിന്റെ ഭക്തിയാദരവുകൾ തൃപ്പാദത്തിങ്കൽ സമർപ്പിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളും ഓരോ ഭവനത്തിൽ നിന്നും ശരാശരി ഒരു ദിവസത്തെ വരുമാനത്തിൽ കുറയാതെയുള്ള തുക ശേഖരിച്ച് ടാർജറ്റിൽ കവിഞ്ഞ തുക അന്നേദിവസം റിശ്ലീസ്സായും സഭാദിന കാണിക്കയും ചേർത്ത് പരി. ബാവാ തിരുമനസ്സിനെ ഏൽപ്പിക്കേണ്ടതാണ്. അങ്ങനെ ഓരോ ഇടവകയും ശേഖരിച്ചിരിക്കുന്ന തുകയുടെ വിവരങ്ങൾ 2026 സെപ്റ്റംബർ മാസം 14-നകം നമ്മെ അറിയിച്ചിരിക്കേണ്ടതാണ്.

മലങ്കര സഭയുടെ പരമാധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നമ്മുടെ ഭദ്രാസനത്തിൽ ഔദ്യോഗികമായി എഴുന്നള്ളുകയും നമ്മളെ അനുഗ്രഹിക്കുകയും ചെയ്യുന്ന ഈ സന്ദർഭം, പരി. സഭയോടും, പരി. കാതോലിക്കാ ബാവായോടും കാതോലിക്കാ സിംഹാസനത്തോടുമുള്ള നമ്മുടെ കൂറും വിശ്വസ്തതയും വിധേയത്വവും പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരമായി കണ്ട് യോഗത്തിൽ ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഭദ്രാസന കൗൺസിൽ അംഗങ്ങളും നമ്മുടെ എല്ലാ പള്ളികളിലെയും വികാരി, സഹവികാരി, ട്രസ്റ്റി, സെക്രട്ടറി തുടങ്ങിയവരും സംബന്ധിക്കണമെന്ന് നാം നിങ്ങളെ സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു

[മറുപുറം]

വീണ്ടും പ്രിയരേ,

നമ്മുടെ ഇടവകകളിൽ നിന്നും ഓരോ വർഷവും ഡിഗ്രി, പി.ജി. കോഴ്സുകളിലും, പ്രൊഫഷണൽ കോഴ്സുകളിലും മൂന്നാം റാങ്ക് വരെ നേടിയവരെയും, വിവിധ മേഖലകളിൽ ഡോക്ടറേറ്റ് നേടിയവരെയും, കലാകായിക രംഗങ്ങളിൽ ദേശീയ സംസ്ഥാന തലങ്ങളിൽ ഉന്നത വിജയം വരിച്ചവരെയും ആദരിക്കുന്ന പതിവ് ഉണ്ടല്ലോ. ആയത് ഈ വർഷവും കാതോലിക്കാദിന പിരിവ് ശേഖരണത്തിനോട് അനുബന്ധിച്ച് സെപ്റ്റംബർ മാസം 17-ന് വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് അരമനയിൽ നടക്കുന്ന കാതോലിക്കാദിന കവർ പിരിവ് ശേഖരണയോഗത്തിൽ വച്ച് പരി. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നൽകുന്നതാണ്. ആ പള്ളിയിൽ നിന്നും മേൽ പ്രസ്താവിച്ച രംഗങ്ങളിൽ യോഗ്യരായവർ ഉണ്ടെങ്കിൽ അവരുടെ വിശദവിവരങ്ങൾ ബഹു. വൈദീകർ സാക്ഷ്യപ്പെടുത്തി, സർട്ടിഫിക്കറ്റ് കോപ്പിയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം സെപ്റ്റംബർ മാസം 13-നകം ഭദ്രാസന ഓഫീസിൽ നേരിട്ടോ, ഈമെയിൽ ആയോ- (nirmalagiribathery@gmail.com), തപാൽ ആയോ എത്തിക്കേണ്ടതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയുംമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

2026 ആഗസ്റ്റ് മാസം 28-ന്
പരുമല സെമിനാരിയിൽനിന്നും

Barnabas

ഡോ . ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ